# ഇന്ത്യ, ജപ്പാൻ, ഓസ്‌ട്രേലിയ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവ തമ്മിലുള്ള 3-ാം ക്വാഡ് കൗണ്ടർ ടെററിസം വർക്കിംഗ് ഗ്രൂപ്പ് (CTWG) യോഗത്തെക്കുറിച്ചുള്ള സംയുക്ത പ്രസ്താവന

ഡിസംബർ 06, 2025

അടുത്ത ക്വാഡ് ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ, ജപ്പാൻ, ഓസ്‌ട്രേലിയ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവ തമ്മിലുള്ള 3-ാമത്തെ ക്വാഡ് കൗണ്ടർ ടെററിസം വർക്കിംഗ് ഗ്രൂപ്പ് (CTWG) യോഗം 2025 ഡിസംബർ 04-05 തീയതികളിൽ ന്യൂഡൽഹിയിൽ നടന്നു. 2023 മാർച്ചിൽ ന്യൂഡൽഹിയിൽ നടന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലാണ് ക്വാഡ് CTWG സ്ഥാപിതമായത്.

2. അംബാസിഡർ സിബി ജോർജ്, സെക്രട്ടറി (വെസ്റ്റ്) മുഖ്യപ്രഭാഷണം നടത്തി. തീവ്രവാദത്തിനെതിരെ ക്വാഡ് രാജ്യങ്ങൾ ഒന്നിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. കൂടാതെ, ക്വാഡ് അംഗങ്ങൾ എല്ലാവരും ആവശ്യമായ നടപടികൾ സ്വീകരിച്ച് ക്വാഡ് CTWG-നെ കൂടുതൽ ശക്തവും, ഫലപ്രദവും, പ്രവർത്തനോന്മുഖവുമായ ഗ്രൂപ്പാക്കി മാറ്റണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. 2025 ഏപ്രിൽ 22-ന് പഹൽഗാമിൽ നടന്ന തീവ്രവാദ ആക്രമണത്തെ തുടർന്ന് ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചതിനും പിന്തുണ നൽകിയതിനും ക്വാഡ് അംഗ രാജ്യങ്ങൾക്ക് അദ്ദേഹം നന്ദി പറഞ്ഞു.

3. കൗണ്ടർ ടെററിസം പ്രവർത്തനങ്ങളുടെ ചുമതലയുള്ള മുതിർന്ന ഉദ്യോഗസ്ഥരാണ് യോഗത്തിന് നേതൃത്വം നൽകിയത്. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിലെ കൗണ്ടർ ടെററിസം ജോയിന്റ് സെക്രട്ടറി ഡോ. വിനോദ് ബഹാഡെ; ഓസ്‌ട്രേലിയയുടെ വിദേശകാര്യ, വ്യാപാര വകുപ്പിലെ കൗണ്ടർ ടെററിസം അംബാസിഡർ ശ്രീമതി ജെമ്മ ഹഗ്ഗിൻസ്; ജപ്പാൻ വിദേശകാര്യ മന്ത്രാലയത്തിലെ തീവ്രവാദത്തെയും അന്താരാഷ്ട്ര സംഘടിത കുറ്റകൃത്യങ്ങളെയും നേരിടുന്നതിനുള്ള അന്താരാഷ്ട്ര സഹകരണത്തിന്റെ ചുമതലയുള്ള അംബാസിഡർ ശ്രീ. മിനാമി ഹിരോയുകി; US സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് കൗണ്ടർ ടെററിസം ബ്യൂറോയുടെ സീനിയർ ബ്യൂറോ ഉദ്യോഗസ്ഥയായ ശ്രീമതി മോണിക്ക അഗർ ജേക്കബ്സൺ, എന്നിവർ അവരുടെ പ്രതിനിധി സംഘങ്ങളെ നയിച്ചു.

4. ക്വാഡ് പങ്കാളികൾ അതിർത്തി കടന്നുള്ള തീവ്രവാദം ഉൾപ്പെടെ, എല്ലാ വിധത്തിലുമുള്ള തീവ്രവാദത്തെയും ശക്തമായി അപലപിച്ചു. 2025 നവംബർ 10 ന് ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് സമീപം നടന്ന ഹീനമായ ഭീകരാക്രമണത്തിൽ അവർ അനുശോചനം രേഖപ്പെടുത്തി. ഈ നിന്ദ്യമായ പ്രവൃത്തി ചെയ്ത കുറ്റവാളികളെയും, ആസൂത്രണം ചെയ്തവരെയും, ധനസഹായം നൽകിയവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് അവർ ആഹ്വാനം ചെയ്യുകയും എല്ലാ UN അംഗരാജ്യങ്ങളും അതിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

5. യോഗത്തിൽ, ക്വാഡ് അംഗരാജ്യങ്ങൾ തീവ്രവാദ ഭീഷണിയുടെ സ്ഥിതിഗതികളെക്കുറിച്ചുള്ള വിലയിരുത്തലുകൾ പരസ്പരം പങ്കുവെച്ചു. ഇതിൽ ഇൻഡോ-പസഫിക് മേഖലയിലെ സംഭവവികാസങ്ങളും ഉൾപ്പെടുത്തി. അവർ തീവ്രവാദ വിരുദ്ധ സഹകരണത്തിന്റെ മുഴുവൻ മേഖലയും, നിലവിലുള്ളതും പുതുതായി ഉയർന്നുവരുന്നതുമായ വെല്ലുവിളികളെ നേരിടാൻ ഉപയോഗിക്കാവുന്ന നടപടികളും ചർച്ച ചെയ്തു. ഇന്തോ-പസഫിക് മേഖല തുറന്നതും, തീവ്രവാദത്തിന്റെ ഭീഷണികളിൽ നിന്ന് മുക്തവുമായി തുടരുന്നുവെന്ന് ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം അവർ അടിവരയിട്ടു.

6. യോഗത്തിൽ, "നഗര പരിസരങ്ങളിലെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ" എന്ന വിഷയത്തിൽ ഒരു ടേബിൾടോപ്പ് എക്സർസൈസ് (TTx) നടത്തി. "ഈ TTx -ലൂടെ CT വിദഗ്ധർക്ക് അവരുടെ മികച്ച പ്രവർത്തന രീതികൾ പങ്കിടാനും, സങ്കീർണ്ണമായ തീവ്രവാദ സാഹചര്യങ്ങളിൽ പ്രതികരിക്കാൻ സംയുക്തമായ പ്രവർത്തന തയ്യാറെടുപ്പിനുള്ള സാധ്യതകൾ കണ്ടെത്താനും അവസരം ലഭിച്ചു.

7. ബഹുരാഷ്ട്ര വേദികളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള അവരുടെ പ്രതിബദ്ധത ക്വാഡ് പങ്കാളികൾ ആവർത്തിച്ചു. തീവ്രവാദികൾ, തീവ്രവാദ സംഘടനകൾ, അവരുടെ പ്രതിനിധികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ തുടർച്ചയായി പങ്കുവെക്കുന്നതിനുള്ള പ്രാധാന്യവും അവർ ഊന്നിപ്പറഞ്ഞു.

8. 2025 സെപ്റ്റംബറിൽ, തീവ്രവാദ ആവശ്യങ്ങൾക്കായി ആളില്ലാ ആകാശ വാഹനങ്ങൾ (UAV-കൾ) ഉപയോഗിക്കുന്നതിനെ ചെറുക്കുന്നതിനും പുതിയതായി ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ തീവ്രവാദ ആവശ്യങ്ങൾക്കുള്ള ധനസമാഹരണത്തിനായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും

രണ്ട് ക്വാഡ് CTWG വർക്ക്ഷോപ്പുകൾ ഇന്ത്യ സംഘടിപ്പിച്ചു. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയവുമായി ഏകോപിപ്പിച്ച് യഥാക്രമം നാഷണൽ സെക്യൂരിറ്റി ഗാർഡും നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയും ചേർന്നാണ് ഈ വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചത്.

9. ക്വാഡ് പങ്കാളികൾ ക്വാഡ് ചട്ടക്കൂടിനുള്ളിൽ തീവ്രവാദ വിരുദ്ധ സഹകരണം കൂടുതൽ ആഴത്തിലാക്കാനും 2026 ൽ ക്വാഡ് കൗണ്ടർ ടെററിസം വർക്കിംഗ് ഗ്രൂപ്പിന്റെ അടുത്ത യോഗം നടത്താനും പദ്ധതിയിടുന്നു.

ന്യൂഡൽഹി

ഡിസംബർ 06, 2025